8616
14/5/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ലക്ഷ്മി വുഡ് ഇൻഡസ്ട്രീസ്, തിരുവനന്തപുരം എന്ന തടിയധിഷ്ഠിത വ്യവസായസ്ഥാപനത്തിന് ലൈസൻസ് നൽകിയതിലെ ക്രമക്കേട് - സർവ്വശ്രീ.ജോർജ്ജ് ഫ്രാൻസിസ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.), റോമി മാത്യു ജൂനിയർ സൂപ്രണ്ട് (റിട്ട. ) എന്നിവർക്കെതിരായ അച്ചടക്ക നടപടി - ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.144/2019/വനം തിരുവനന്തപുരം, തീയതി, 09/04/2019

പരാമർശം:- (1) 21.03.2017 ലെ FWLD-A1-/06/2017-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും, കാരണം കാണിക്കൽ നോട്ടീസും

(2) 17.09.2017-ലെ സ.ഉ. (സാധാ.) നം. 346/17/വനം ഉത്തരവ്

(3) 31.07.2018-ലെ FWLD-A1/06/17-FWLD നമ്പർ കാരണം കാണിക്കൽ നോട്ടീസ്

(4) 01.09.2018 തീയതിയായി ശ്രീ.റോമി മാത്യു സീനിയർ സൂപ്രണ്ട് (റിട്ട.), 31.08.2018 തീയതിയായി ശ്രീ. ജോർജ്ജ് ഫ്രാൻസിസ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(റിട്ട.) എന്നിവർ സമർപ്പിച്ച വിശദീകരണങ്ങൾ

(5) 15.03.2018-ലെ സ.ഉ. (സാധാ.) നം. 1623/18/ജിഎഡി ഉത്തരവ്

ഉത്തരവ്

ശ്രീ.ശ്രീകണ്ഠൻ നായർ, ശ്രീ.തുളസീധരൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള, ലക്ഷ്മി വുഡ് ഇൻഡസ്ട്രീസ്, തിരുവനന്തപുരം എന്ന തടിയധിഷ്ഠിത വ്യവസായ സ്ഥാപനത്തിന് 2012 ലെ സോമിൽ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ലൈസൻസ് നൽകിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് സർവ്വശ്രീ.ജോർജ്ജ് ഫ്രാൻസിസ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് കുറ്റപത്രവും/കുറ്റാരോപണ പത്രികയും, വിരമിച്ച സീനിയർ സൂപ്രണ്ട് ശ്രീ.റോമി മാത്യുവിന് കാരണം കാണിക്കൽ നോട്ടീസും പരാമർശം (1) പ്രകാരം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

2) തുടർന്ന് നടത്തിയ ഔപചാരികാന്വേഷണത്തിൽ ശ്രീ.പി.കെ.ശ്രീകണ്ഠൻ നായരുടെ ഉടമസ്ഥതയിലുള്ള ലക്ഷ്മി വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനം 30.10.2002-നോ അതിനുമുമ്പോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ലൈസൻസോടെ പ്രവർത്തിച്ചിരുന്നു എന്നതിനുള്ള തെളിവോ, ബന്ധപ്പെട്ട ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ നിന്നും ലഭിച്ച ലൈസൻസിന്റെ പകർപ്പോ ഹാജരാക്കാതെയിരുന്നിട്ടും അർഹതയില്ലായിരുന്ന സാമില്ലിന്

ലൈസൻസ് അനുവദിക്കുന്നതിന് അന്നത്തെ സെക്ഷൻ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് എന്നിവർ ചട്ടവിരുദ്ധമായി പ്രവർത്തിച്ചതായും ക്രമക്കേട് നടത്തിയിട്ടുള്ളതായും വ്യക്തമായി.

3) തുടർന്ന് സർവ്വശ്രീ ജോർജ് ഫ്രാൻസിസ് (അന്നത്തെ സീനിയർ സൂപ്രണ്ട്), അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.) ന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 പ്രകാരം 5 വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസും ശ്രീ.റോമി മാത്യുവിന്റെ പ്രതിമാസ പെൻഷനിൽ നിന്നും കേരള സർവ്വീസ് റൂൾസ് ഭാഗം III ചട്ടം 3 പ്രകാരം 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് ചെയ്യുന്നതിനുള്ള പുതുക്കിയ കാരണം കാണിക്കൽ നോട്ടീസും പരാമർശം (3) പ്രകാരം നൽകി.

4) പ്രസ്തുത നോട്ടീസിന് ടിയാന്മാർ പരാമർശം (4) പ്രകാരം സമർപ്പിച്ച വിശദീകരണങ്ങൾ അംഗീകരിക്കാവുന്നതല്ലായെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് ചെയ്തു. ശ്രീ.റോമി മാത്യു വിശദീകരണത്തിൽ നേരിൽ കേൾക്കുന്നതിനുള്ള അവസരത്തിന് അഭ്യർത്ഥിച്ചത് പരിഗണിച്ചും സ്വാഭാവിക നീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായും സർവ്വശ്രീ ജോർജ് ഫ്രാൻസിസ്, റോമി മാത്യു എന്നിവരെ നേരിൽ കേൾക്കുകയുണ്ടായി.

5) നേരിൽ കേൾക്കുന്ന സമയത്ത് ടി ഉദ്യോഗസ്ഥർ ഉന്നയിച്ച വാദങ്ങളും അതിന്മേൽ വനം വകുപ്പ് ആസ്ഥാനത്ത് നിന്ന് ലഭ്യമാക്കിയ റിപ്പോർട്ടും ബന്ധപ്പെട്ട ഫയലുകളും വിശദമായി പരിശോധിച്ചു. ലക്ഷ്മി വുഡ് ഇൻഡസ്ട്രീസ്, ചന്തവിള, കാട്ടായിക്കോണം എന്ന സ്ഥാപനത്തിന് വനം വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി സ്ഥാപന ഉടമയായ ശ്രീകണ്ഠൻ നായർ 20.03.2009-ൽ എംപവേർഡ് കമ്മിറ്റിയ്ക്ക് അപേക്ഷ സമർപ്പിച്ചു. ടി സ്ഥാപനം 30.10.2002-ന് മുൻപ് പ്രവർത്തനം ആരംഭിച്ചിരുന്നില്ല എന്ന് വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് സമർപ്പിച്ചു. നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകാത്തതിനെതിരെ അപേക്ഷകൻ ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റിഷൻ ഫയൽ ചെയ്യുകയുണ്ടായി. ഈ കേസിൽ 27.06.2012-ൽ ബഹു. കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം താൽക്കാലിക ലൈസൻസ് അനുവദിക്കുവാൻ ഉത്തരവായിരുന്നു,

6) 30.10.2002-ന് മുൻപ് തന്നെ ടി യൂണിറ്റ് പ്രവർത്തിച്ചിരുന്നത് തെളിയിക്കാനാവശ്യമായ രേഖകളെല്ലാം അപേക്ഷകൻ ഹാജരാക്കിയിട്ടുണ്ടെന്നും ആയതിനാൽ ഫീസ് ഈടാക്കി ടി സ്ഥാപനത്തിന് ലൈസൻസ് നൽകാവുന്നതാണെന്ന് ജൂനിയർ സൂപ്രണ്ട് ശ്രീ.റോമി മാത്യു സീനിയർ സൂപ്രണ്ട് ശ്രീ.ജോർജ് ഫ്രാൻസിസ് എന്നിവർ ശുപാർശ ചെയ്യുകയും അത് അംഗീകരിച്ച് ലൈസൻസ് നൽകാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉത്തരവിടുകയും ലൈസൻസ് നൽകുകയുമുണ്ടായി.

7) ലൈസൻസ് ലഭിച്ചതിനെ തുടർന്ന് ടി യൂണിറ്റ് ശ്രീ.തുളസീധരന് കൈമാറ്റം ചെയ്യുന്നതിന് 02.07.2015-ൽ അപേക്ഷ സമർപ്പിച്ചു. അനുവാദം ലഭിക്കുന്നതിനു മുൻപ് സ്വമേധയാ കൈമാറ്റവും രജിസ്ട്രേഷനും നടത്തുകയും ലക്ഷ്മി വുഡ് ഇൻഡസ്ട്രീസിന്റെ പുതിയ ഉടമയായ ശ്രീ.എസ്.തുളസീധരൻ ലൈസൻസ് ഫീസ് അടച്ചിട്ടുണ്ടെന്നും ടിയാന് ലൈസൻസ് നൽകാമെന്ന് നോട്ട് സമർപ്പിക്കുകയും ആയത് പ്രകാരം ലൈസൻസ് നൽകുകയുണ്ടായി. തുടരന്വേഷണത്തിൽ ടി സ്ഥാപനം 30.10.2002-ന് മുൻപ് പ്രവർത്തിച്ചിരുന്നു എന്ന് തെളിയിക്കുന്നതിനാവശ്യമായ ഒരു രേഖയും ഹാജരാക്കാൻ സാധിക്കാത്തതിനാൽ ലൈസൻസ് റദ്ദാക്കുകയുണ്ടായി.

8) ഫയലിലെ തെറ്റായ രേഖപ്പെടുത്തലാണ് സർവ്വശ്രീ.ജോർജ് ഫ്രാൻസിസിനെതിരെയും റോമി മാത്യുവിനെതിരെയും അച്ചടക്ക നടപടി സ്വീകരിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനം. ഒരുപാട് വിശദീകരണങ്ങൾ നൽകിയെങ്കിലും ചട്ടവിരുദ്ധമായി ലൈസൻസ് നൽകി എന്നത് ഒരു യാഥാർത്ഥ്യമാണ്. അലക്ഷ്യമായി ഫയൽ കൈകാര്യം ചെയ്ത്, തെറ്റായ നോട്ട് എഴുതി സമർപ്പിച്ചതുവഴി മേലധികാരിയെ തെറ്റിദ്ധരിപ്പിച്ചു എന്നതിനും ഒരു ന്യായീകരണവുമില്ല. പക്ഷെ മേലധികാരി ഫയൽ പൂർണ്ണമായും പരിശോധിച്ചിരുന്നുവെങ്കിൽ ഒഴിവാക്കാമായിരുന്ന ഒരു തെറ്റാണ് ഇവിടെ സംഭവിച്ചത്. മാത്രവുമല്ല ഇക്കാര്യത്തിൽ ഫയൽ

ചെയ്യപ്പെട്ട കേസിൽ നിരുത്തരവാദപരമായ സമീപനമാണ് അന്നത്തെ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സ്വീകരിച്ചത് എന്ന് രേഖകൾ വ്യക്തമാക്കുന്നു. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നിർദ്ദേശത്തിനനുസൃതമായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സമയബന്ധിതമായി നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഒരു സങ്കീർണതയും ഇക്കാര്യത്തിൽ സംഭവിക്കില്ലായിരുന്നു. നിലവിലെ നിയമങ്ങളെക്കുറിച്ച് ലൈസൻസ് അനുവദിക്കുന്ന ഉദ്യോഗസ്ഥർക്ക് ഒരു വ്യക്തത ഉണ്ടാവേണ്ടതാണ്. മുൻ ലൈസൻസ് ഒഴികെയുള്ള രേഖകളാണ് അപേക്ഷകൻ ഹാജരാക്കിയതെന്ന് പിന്നീട് മാത്രമാണ് കണ്ടെത്തപ്പെട്ടത്. ഇത്രയും അനാസ്ഥയുള്ളത്തരവാദിയായ അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് പരാമർശം (5) പ്രകാരം 'non-recordable warning' നൽകിയാണ് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളത്. ശിക്ഷ എന്നത് തെറ്റുതിരുത്തലിനുള്ള ഒരു ഉപാധിയാണ്. സർവ്വീസിൽ നിന്നും ഇതിനോടകം വിരമിച്ച ഇരുവർക്കും അച്ചടക്ക നടപടിയുടെ ഈ നീണ്ട നടപടിക്രമങ്ങളും കാലതാമസവും തന്നെ ഒരു ശിക്ഷയുടെ അനുഭവം നൽകിയിട്ടുണ്ട്. തുല്യം അല്ലെങ്കിൽ ഒരു പടി കൂടുതൽ ഉത്തരവാദിത്തമുള്ള ഒരാൾക്ക് തുലോം കുറഞ്ഞ ഒരു ശിക്ഷ നൽകിയതിനാലും ഇക്കാര്യത്തിൽ സർക്കാർ നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തതിനാലും വിരമിച്ച ഉദ്യോഗസ്ഥരായ ശ്രീ.ജോർജ് ഫ്രാൻസിസിനെയും ശ്രീ.റോമി മാത്യുവിനെയും ശിക്ഷയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല എം.

അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ജോർജ് ഫ്രാൻസിസ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (റിട്ട.)

ശ്രീ.റോമി മാത്യു, സീനിയർ സൂപ്രണ്ട്, (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by BIJI K
Date: 20[illegible] 12:06:55 IST
Reason: Approved

സെക്ഷൻ ഓഫീസർ